**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 232** **25-06-2024 - ൽ മറുപടിയ്ക്ക്**

**നവോത്ഥാന നായകരുടെ പേരിൽ സാംസ്കാരിക സമുച്ചയങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. ടി. എ. റഹീം,<br>ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ,<br>ശ്രീ എം മുകേഷ് ,<br>ശ്രീ എം എസ് അരുൺ കുമാർ** | | **ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ നവോത്ഥാന നായകരുടെ പേരിൽ തുടങ്ങാൻ ഉദ്ദേശിക്കുന്ന വിവിധ സാംസ്കാരിക സമുച്ചയങ്ങളുടെ നിർമ്മാണ പുരോഗതി വ്യക്തമാക്കുമോ; | (എ) | സാംസ്കാരിക സമുച്ചയങ്ങളുടെ നിർമ്മാണ പുരോഗതിയുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | സാംസ്കാരിക കേരളത്തിന് മുതൽക്കൂട്ടാകുന്ന തരത്തിലുള്ള എന്തെല്ലാം പ്രവർത്തനങ്ങളാണ് പ്രസ്തുത സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ; | (ബി) | കിഫ്ബി ഫണ്ട് ഉപയോഗിച്ച് പണികഴിപ്പിക്കുന്ന സാംസ്കാരിക സമുച്ചയം പ്രോജക്റ്റിന്റെ SPV ആയി കെ.എസ്.എഫ്.ഡി.സി യെയാണ് നിയമിച്ചിട്ടുള്ളത്. സമുച്ചയങ്ങളുടെ പൊതുവായ സൗകര്യങ്ങൾ എ.സി. ആഡിറ്റോറിയങ്ങൾ, എ.വി.തീയേറ്ററുകൾ, ക്ലാസ്സ്റൂമുകൾ, ഇവ എക്സിബിഷനുകൾ, വിവിധ സാംസ്കാരിക പരിപാടികൾ എന്നിവ സംഘടിപ്പിക്കുന്നതിന് സമുച്ചയം വേദിയാകുന്നു. ഇത്തരത്തിൽ കേരളത്തിന് മുതൽക്കൂട്ടാകുന്ന തരത്തിൽ ദേശീയ അന്തർദേശീയ സാംസ്കാരിക പരിപാടികൾ സംഘടപ്പിക്കുക വഴി സാംസ്കാരിക വിനിമയം സാധ്യമാകുന്നു. ഈ സമുച്ചയങ്ങളെ ഭാവിയിൽ ഡി.റ്റി.പി.സി മാതൃകയിൽ ഡി.സി.പി.സിയായി ഉയർത്തി ദേശീയ/ അന്തർദേശീയ സാംസ്കാരിക കേന്ദ്രങ്ങളായി മാറ്റുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു. നിശ്ചയിച്ചിട്ടുള്ള വാടകയുടെ അടിസ്ഥാനത്തിൽ ദേശീയ സംസ്ഥാന സർക്കാരുകളുടെയും മറ്റ് സ്വകാര്യ ഏജൻസികളുടേയും സാംസ്കാരിക പരിപാടികളും ചലച്ചിത്ര പ്രദർശനങ്ങളും സംഘടിപ്പിക്കുവാൻ ഉദ്ദേശിച്ചിട്ടുണ്ട്. സാംസ്കാരിക സമുച്ചയങ്ങളുടെ സുഗമമായ നടത്തിപ്പിനായി തയ്യാറാക്കിയ കരട് ബൈലോയിൽ ക്യൂറേറ്റർ കമ്മറ്റി, ജീവനക്കാരുടെ നിയമനം, ഉദ്ദേശ്യങ്ങളും ലക്ഷ്യങ്ങളും എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു. നിലവിൽ സമുച്ചയത്തിന്റെ ഓഫീസ് സംബന്ധമായ |

| | | | |
|---|---|---|---|
| | | | പ്രവർത്തനങ്ങൾക്കായി വകുപ്പിലെ ഒരു ജൂനിയർ സൂപ്രണ്ട്, ഒരു ക്ലറിക്കൽ സ്റ്റാഫ്, ഒരു ഓഫീസ് അറ്റന്റന്റ് എന്നിവരെ റൊട്ടേഷൻ വ്യവസ്ഥയിൽ വർക്കിംഗ് അറേഞ്ച്മെന്റിൽ നിയമിച്ചിട്ടുണ്ട്. കൂടാതെ സമുച്ചയത്തിന്റെ കാവലിനായി കെക്സോൺ മുഖാന്തിരവും ക്ലീനിംഗിനായി കുടുംബശ്രീ മുഖാന്തിരവും ജീവനക്കാരെ നിയമിച്ചിട്ടുണ്ട്. |
| (സി) | സാംസ്കാരിക സമുച്ചയങ്ങളുടെ സുഗമമായ നടത്തിപ്പിനായി എന്തെല്ലാം കാര്യങ്ങളാണ് പുതുതായി ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (സി) | കിഫ്ബി ഫണ്ട് ഉപയോഗിച്ച് പണികഴിപ്പിക്കുന്ന സാംസ്കാരിക സമുച്ചയം പ്രോജക്ടിന്റെ SPV ആയി കെ.എസ്.എഫ്.ഡി.സി യെയാണ് നിയമിച്ചിട്ടുള്ളത്. സമുച്ചയങ്ങളുടെ പൊതുവായ സൗകര്യങ്ങൾ എ.സി. ആഡിറ്റോറിയങ്ങൾ, എ.വി.തീയേറ്ററുകൾ, ക്ലാസ്റൂമുകൾ, ഇവ എക്സിബിഷനുകൾ, വിവിധ സാംസ്കാരിക പരിപാടികൾ എന്നിവ സംഘടിപ്പിക്കുന്നതിന് സമുച്ചയം വേദിയാകുന്നു. ഇത്തരത്തിൽ കേരളത്തിന് മുതൽക്കൂട്ടാകുന്ന തരത്തിൽ ദേശീയ അന്തർദേശീയ സാംസ്കാരിക പരിപാടികൾ സംഘടപ്പിക്കുക വഴി സാംസ്കാരിക വിനിമയം സാധ്യമാകുന്നു. ഈ സമുച്ചയങ്ങളെ ഭാവിയിൽ ഡി.റ്റി.പി.സി മാതൃകയിൽ ഡി.സി.പി.സിയായി ഉയർത്തി ദേശീയ/ അന്തർദേശീയ സാംസ്കാരിക കേന്ദ്രങ്ങളായി മാറ്റുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു. നിശ്ചയിച്ചിട്ടുള്ള വാടകയുടെ അടിസ്ഥാനത്തിൽ ദേശീയ സംസ്ഥാന സർക്കാരുകളുടെയും മറ്റ് സ്വകാര്യ ഏജൻസികളുടേയും സാംസ്കാരിക പരിപാടികളും ചലച്ചിത്ര പ്രദർശനങ്ങളും സംഘടിപ്പിക്കുവാൻ ഉദ്ദേശിച്ചിട്ടുണ്ട്. സാംസ്കാരിക സമുച്ചയങ്ങളുടെ സുഗമമായ നടത്തിപ്പിനായി തയ്യാറാക്കിയ കരട് ബൈലോയിൽ ക്യൂറേറ്റർ കമ്മറ്റി, ജീവനക്കാരുടെ നിയമനം, ഉദ്ദേശ്യങ്ങളും ലക്ഷ്യങ്ങളും എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു. നിലവിൽ സമുച്ചയത്തിന്റെ ഓഫീസ് സംബന്ധമായ പ്രവർത്തനങ്ങൾക്കായി വകുപ്പിലെ ഒരു ജൂനിയർ സൂപ്രണ്ട്, ഒരു ക്ലറിക്കൽ സ്റ്റാഫ്, ഒരു ഓഫീസ് അറ്റന്റന്റ് എന്നിവരെ റൊട്ടേഷൻ വ്യവസ്ഥയിൽ വർക്കിംഗ് അറേഞ്ച്മെന്റിൽ നിയമിച്ചിട്ടുണ്ട്. കൂടാതെ സമുച്ചയത്തിന്റെ കാവലിനായി കെക്സോൺ മുഖാന്തിരവും ക്ലീനിംഗിനായി കുടുംബശ്രീ മുഖാന്തിരവും ജീവനക്കാരെ നിയമിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| ക്രമ നം | ജില്ല | തൽസ്ഥിതി |
|---|---|---|
| 1 | തിരുവനന്തപുരം (മഹാത്മാ അയ്യൻകാളി) | തിരുവനന്തപുരം ജില്ലയിൽ സാംസ്കാരിക സമുച്ചയത്തിനായി കണ്ടെത്തിയ ചെറുവയ്ക്കൽ വില്ലേജിലെ ഭൂമി സംബന്ധിച്ച് തുടർ നടപടി സ്വീകരിക്കുവാൻ സാംസ്കാരിക വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| 2 | കൊല്ലം (ശ്രീനാരായണ ഗുരു സാംസ്കാരിക സമുച്ചയം) | സാംസ്കാരിക സമുച്ചയം പദ്ധതിയിൽ ഉൾപ്പെട്ട കൊല്ലം ശ്രീനാരായണഗുരു സാംസ്കാരിക സമുച്ചയം ഉദ്ഘാടനം 04.05.2023 ന് ബഹു. കേരള മുഖ്യമന്ത്രി നിർവ്വഹിച്ച പൊതുജനങ്ങൾക്കായി തുറന്നു കൊടുത്തു. നിലവിൽ സർക്കാർ നിശ്ചയിച്ചിട്ടുള്ള വാടകയുടെ അടിസ്ഥാനത്തിൽ സമുച്ചയത്തിലെ വിവിധ സംവിധാനങ്ങൾ, പൊതുപരിപാടികൾ സംഘടിപ്പിക്കുന്നതിനായും മറ്റ് സാംസ്കാരിക പരിപാടികൾ നടത്തുന്നതിനായും നൽകി വരികയാണ്. ആയതിന്റെ അടിസ്ഥാനത്തിൽ വാടകയിനത്തിൽ ഏകദേശം 24,36,090/-രൂപ നാളിതുവരെ സർക്കാരിന് റവന്യൂ വരുമാനാടിസ്ഥാനത്തിൽ ലഭ്യമായിട്ടുണ്ട്. |
| 3 | ആലപ്പുഴ (പി. കൃഷ്ണപിള്ള) | സ.ഉ.(കൈ)നം. 14/2023/RD തീയതി 23.01.2023 ഉത്തരവ് പ്രകാരം താമരക്കുളം വില്ലേജിൽ റീസർവ്വേ നമ്പർ 18/30 ൽപ്പെട്ട 5 ഏക്കർ ഭൂമി സമുച്ചയത്തിനായി സാംസ്കാരിക വകുപ്പിന് അനുവദിക്കുകയും ഭൂമി കൈമാറി കിട്ടുകയും ചെയ്തിട്ടുണ്ട്. പദ്ധതിയുടെ ഡി.പി.ആർ തയ്യാറാക്കി കെ.എസ്.എഫ്.ഡി.സി മുഖേന കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. ഡി.പി.ആർ അംഗീകരിച്ച് ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് പ്രവൃത്തികൾ ആരംഭിക്കുന്നതാണ്. |
| 4 | പത്തനംതിട്ട (ചട്ടമ്പിസ്വാമികൾ) | പത്തനംതിട്ട ജില്ലയിൽ അയിരൂർ വില്ലേജിൽ ഭൂമി ഏറ്റെടുക്കുന്നതിനുള്ള അർത്ഥനാപത്രം ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. ഇതിന്മേലുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

| | | |
|---|---|---|
| 5 | <u>കോട്ടയം</u><br>(ലളിതാംബിക അന്തർജനം) | കോട്ടയം ജില്ലയിലെ കഞ്ഞഴയിലെ അഞ്ചേക്കർ ഭൂമി സമുച്ചയ നിർമ്മാണത്തിനായി സാംസ്കാരിക വകുപ്പിന് കൈമാറി കിട്ടിയിട്ടുണ്ട്. പദ്ധതിയുടെ ഡി.പി.ആർ തയ്യാറാക്കി കെ.എസ്.എഫ്.ഡി.സി മുഖേന കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. ഡി.പി.ആർ അംഗീകരിച്ച് ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് പ്രവൃത്തികൾ ആരംഭിക്കാവുന്നതാണ്. |
| 6 | <u>ഇടുക്കി</u><br>(അക്കമ്മചെറിയാൻ) | ഇടുക്കി ജില്ലയിലെ സാംസ്കാരിക സമുച്ചയ നിർമ്മാണത്തിനായി ജലവിഭവ വകുപ്പിന്റെ ഭൂമിയിൽ നിന്നും 8 ഏക്കർ ഭൂമി അനുവദിച്ചു കിട്ടുവാനുള്ള റിക്വസിഷൻ ഫോം സമർപ്പിച്ചിട്ടുണ്ട്. ബന്ധപ്പെട്ട നടപടികൾ കളക്ടറേറ്റിൽ പുരോഗമിച്ചു വരുന്നു. |
| 7. | <u>പാലക്കാട്</u><br>(വി.ടി. ഭട്ടതിരിപ്പാട്) | പാലക്കാട് വി.ടി ഭട്ടതിരിപ്പാട് സാംസ്കാരിക സമുച്ചയത്തിന്റെ അവസാന ഘട്ട പെയിന്റിംഗ് ജോലികൾ നടക്കുന്നു. പെർമോർമൻസ് ബ്ലോക്കിന്റേയും എക്സിബിഷൻ ബ്ലോക്കിന്റേയും ക്ലീനിംഗ് ജോലികളും നടന്നു വരുന്നു. ലാന്റ് സ്കേപ്പിംഗ് വർക്കുകളും പൂർത്തിയായി വരുന്നു. ഫൈനൽ ഫയർ NOC യ്ക്കുള്ള നടപടികൾ അവസാന ഘട്ടത്തിലാണ്. നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയിൽ നിന്നും ലഭിക്കേണ്ട NOC നടപടികൾ പാലക്കാട് NHAI പ്രോജക്ട് ഡയറക്ടറേറ്റിൽ നിന്നും NHAI റീജിയണൽ ഓഫീസിലേക്ക് ശിപാർശ ചെയ്തിട്ടുണ്ട്. സമുച്ചയ നിർമ്മാണത്തിന് അനുവദിച്ച ഭൂമി പൊതു ആവശ്യത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തി നെൽവയൽ തണ്ണീർതട സംരക്ഷണ നിയമപരിധിയിൽ നിന്ന് ഒഴിവാക്കി പരിവർത്തനം നടത്തുന്നത് സംബന്ധിച്ച പ്രൊപ്പോസൽ പരിഗണനയിലാണ്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് ബിൽഡിംഗ് പെർമിറ്റ് എക്സ്റ്റംഷൻ നടപടികളുമായി മുന്നോട്ട് പോകാവുന്നതും പ്രവൃത്തി ജൂലൈ മാസം അവസാനത്തോടുകൂടി പൂർത്തിയാക്കാൻ കഴിയുമെന്നും പ്രതീക്ഷിക്കുന്നു. |

| | | |
|---|---|---|
| 8. | <u>കണ്ണൂർ</u><br>(വാഗ്ഭടാനന്ദൻ) | കണ്ണൂർ ജില്ലയിൽ സാംസ്കാരിക സമുച്ചയ നിർമ്മാണത്തിനായി 2.15 ഏക്കർ സ്വകാര്യ ഭൂമിയുടെ സമുച്ചയ നിർമ്മാണത്തിനായി വകുപ്പിന് കൈമാറി കിട്ടിയിട്ടുണ്ട്. കൂടാതെ പാട്യം വില്ലേജിലെ റീസർവ്വേ നം. 24/9, 24/8, 25/6, 25/7 നമ്പരുകളിലായി പാട്യം ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 0.3887 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിനായിട്ടുള്ള അർത്ഥനാപത്രം സാംസ്കാരിക വകുപ്പദ്ധ്യക്ഷ സമർപ്പിച്ചിട്ടുണ്ട്. നടപടികൾ പുരോഗമിച്ചു വരുന്നു. പദ്ധതിയുടെ ഡി.പി.ആർ തയ്യാറാക്കി കെ.എസ്.എഫ്.ഡി.സി മുഖേന കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. ഡി.പി.ആർ അംഗീകരിച്ച് ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് പ്രവൃത്തികൾ ആരംഭിക്കാവുന്നതാണ്. |
| 9. | <u>കാസർഗോഡ്</u><br>(സുബ്രഹ്മണ്യൻ തിരുമുമ്പ്) | കാസർഗോഡ് സാംസ്കാരിക സമുച്ചയത്തിന്റെ നിർമ്മാണ പ്രവൃത്തികൾ 95% പൂർത്തീകരിച്ചിട്ടുണ്ട്. ആയതിന്റെ അന്തിമ പരിശോധനയും അപാകതകളുടെ പരിശോധനയും പുരോഗമിച്ചു വരുന്നു. ടി സമുച്ചയം സാംസ്കാരിക വകുപ്പിന് കൈമാറുന്നതിന് മുമ്പ് ബിൽഡിംഗ് നടത്തിപ്പിന് ഫയർ NOC ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിൽ നിന്നുള്ള അപ്രൂവൽ, KSEB യിൽ നിന്നുള്ള പവർ കണക്ഷൻ, ബിൽഡിംഗ് ഒക്യുപെൻസി സർട്ടിഫിക്കറ്റ് മുതലായവയുടെ അപ്രൂവൽ എടുക്കേണ്ടതുണ്ട്. ടി നടപടികൾ പുരോഗമിച്ചു വരുന്നു. |
| 10 | <u>എറണാകുളം</u><br>(സഹോദരൻ അയ്യപ്പൻ) | അനുയോജ്യമായ ഭൂമി ലഭ്യമായിട്ടില്ല. |
| 11 | <u>തൃശ്ശൂർ</u><br>(വള്ളത്തോൾ നാരായണമേനോൻ) | അനുയോജ്യമായ ഭൂമി ലഭ്യമായിട്ടില്ല. |
| 12 | <u>വയനാട്</u><br>(എടച്ചേന കുങ്കൻ) | അനുയോജ്യമായ ഭൂമി ലഭ്യമായിട്ടില്ല. |

| | | |
|---|---|---|
| 13 | <u>കോഴിക്കോട്</u><br>(വൈക്കംമുഹമ്മദ് ബഷീർ സാംസ്കാരിക സമുച്ചയം, ഇന്തോ ഷാർജ കൾച്ചറൽ സെന്റർ) | അനുയോജ്യമായ ഭൂമി ലഭ്യമായിട്ടില്ല. |
| 14 | <u>മലപ്പുറം</u><br>(അബ്ദുറഹ്മാൻ സാഹിബ്) | നിലവിൽ ലഭ്യമായ ഭൂമിയിൽ മണ്ണിടിച്ചിൽ സാധ്യത നിലനിൽക്കുന്നതിനാൽ അനുയോജ്യമായ മറ്റൊരു ഭൂമി കണ്ടെത്തുന്നതിന് മലപ്പുറം ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |